# പള്ളിജീവനക്കാരുടെ വേതനം

**ദൈവാലയ ശുശ്രൂഷികളുടെ വേതനം** താഴെപ്പറയുന്ന രീതിയിൽ അടിസ്ഥാന വേതനത്തിൽ വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 125 രൂപയിൽനിന്ന് 150 രൂപയായി ഉയർത്തുന്നു.

**പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന**

| ഗ്രേഡ് | വർദ്ധിപ്പിച്ച തുക | പുതുക്കിയ അടിസ്ഥാന വേതനം | 2022 ഏപ്രിൽ മുതൽ കൊടുക്കേണ്ട ശമ്പളം |
|---|---|---|---|
| A | 1250 | 7250 | നിലവിലുള്ള ശമ്പളം + 1250 |
| B | 1000 | 6000 | നിലവിലുള്ള ശമ്പളം + 1000 |
| C | 750 | 4950 | നിലവിലുള്ള ശമ്പളം + 750 |
| D | 500 | 3750 | നിലവിലുള്ള ശമ്പളം + 500 |
| E | 400 | 2200 | നിലവിലുള്ള ശമ്പളം + 400 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാനശമ്പളത്തിൽ വരുത്തിയ വർദ്ധനവും ചേർത്തുകിട്ടുന്ന തുകയായിരിക്കും 2022 ഏപ്രിൽമാസം മുതൽ ദൈവാലയ ശുശ്രൂഷിക്ക് നല്കേണ്ട മാസശമ്പളം. ഈ വർഷം അടിസ്ഥാനശമ്പളം വർദ്ധിപ്പിച്ചതിനാൽ ഇൻക്രിമെന്റ് നല്കേണ്ടതില്ല. 2023 ഏപ്രിൽ മുതൽ പുതുക്കിയ ഇൻക്രിമെന്റ് നൽകണം.

3. **അക്കൗണ്ടന്റിന്റെ വേതനം:** താഴെ പറയുന്ന രീതിയിൽ അടിസ്ഥാന വേതനത്തിൽ വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 75 രൂപയിൽനിന്ന് 100 രൂപയായി ഉയർത്തുന്നു.

**പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന**

| ഗ്രേഡ് | വർദ്ധിപ്പിച്ച തുക | പുതുക്കിയ അടിസ്ഥാന വേതനം | 2022 ഏപ്രിൽ മുതൽ കൊടുക്കേണ്ട ശമ്പളം |
|---|---|---|---|
| A | 700 | 4000 | നിലവിലുള്ള ശമ്പളം + 700 |
| B | 500 | 3200 | നിലവിലുള്ള ശമ്പളം + 500 |
| C | 400 | 2500 | നിലവിലുള്ള ശമ്പളം + 400 |
| D | 300 | 2100 | നിലവിലുള്ള ശമ്പളം + 300 |
| E | 250 | 1750 | നിലവിലുള്ള ശമ്പളം + 250 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാനശമ്പളത്തിൽ വരുത്തിയ വർദ്ധനവും ചേർത്തുകിട്ടുന്ന തുകയായിരിക്കും 2022 ഏപ്രിൽമാസം മുതൽ അക്കൗണ്ടന്റിന് നല്കേണ്ട മാസശമ്പളം. ഈ വർഷം അടിസ്ഥാനശമ്പളം വർദ്ധിപ്പിച്ചതിനാൽ ഇൻക്രിമെന്റ് നല്കേണ്ടതില്ല. 2023 ഏപ്രിൽ മുതൽ പുതുക്കിയ ഇൻക്രിമെന്റ് നൽകണം.

**13-ാം മാസ ശമ്പളം :** ദൈവാലയ ശുശ്രൂഷികൾക്കും പാരീഷ് അക്കൗണ്ടന്റിനും റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നതിനുവേണ്ടി അവരുടെ ഒരുമാസത്തെ വേതനത്തിനു തുല്യമായ തുക (13-ാം മാസ ശമ്പളം) അവരുടെയും വികാരിയച്ചന്റെയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കണം. 13-ാം മാസശമ്പളം നിർബന്ധമായും ബാങ്ക് അക്കൗണ്ടിൽതന്നെ നിക്ഷേപിക്കണം. ഏതെങ്കിലും അടിയന്തിര ആവശ്യത്തിന് ജീവനക്കാർ ഇതിൽനിന്ന് ലോൺ എടുത്താൽ പണം കൈപ്പറ്റിയെന്ന രേഖ എഴുതി വാങ്ങി സൂക്ഷിക്കണം.